**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 120** **07-06-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ ഡിപ്പോകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri G R Anil**<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏറെക്കാലമായി അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാതെ മറ്റ് എ.ആർ.ഡി.കളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾക്ക് പുതിയ ലൈസൻസികളെ നിയമിക്കുന്നത് സംബന്ധിച്ച് പൊതുവിതരണ വകുപ്പിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ; | (എ) | കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ന്റെ അടിസ്ഥാനത്തിൽ, സ്ഥിരമായി റദ്ദ് ചെയ്തതോ നിയമപരമായ അവകാശികൾ ഇല്ലാതെ മറ്റ് എ.ആർ.ഡി.കളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്നതോ ആയ റേഷൻ കടകൾക്ക് പുതിയ ലൈസൻസികളെ നിയമിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാതെ മറ്റ് എ.ആർ.ഡി.കളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകളുടെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങൾ നൽകിയിട്ടുള്ള പരാതികൾ പൊതുവിതരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾ നൽകിയിട്ടുള്ള പരാതികൾ പരിശോധിച്ച് ആയതിനനുസൃതമായി അനന്തര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഇപ്രകാരം അംഗീകൃത ലൈസൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിതരണവകുപ്പിലുള്ള 4375118/ബി2/2020/ ഭ.പൊ.വി.വ. തീയതി 15.07.2020 എന്ന നമ്പർ ഫയലിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ